**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3045** **25-10-2021 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ് നിർമ്മിക്കാനുള്ള കരാർ കഴിഞ്ഞ സർക്കാർ ഏതു കമ്പനിക്കാണ് നൽകിയിരുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ്, പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ് വിഭാഗം “Hubspire” എന്ന സ്വകാര്യ കമ്പനിയുമായി സഹകരിച്ചാണ് രൂപകൽപ്പന ചെയ്തു നടപ്പാക്കിയത്. ഈ സംരംഭത്തിനുവേണ്ടി സർക്കാരിന്റെ യാതൊരു ഫണ്ടും ഉപയോഗിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കരാർ നൽകിയത് ഗ്ലോബൽ ടെണ്ടർ വഴിയാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | അല്ല. ഇതുമായി ബന്ധപ്പെട്ട് ടെണ്ടറുകളൊന്നും തന്നെ ക്ഷണിച്ചിട്ടില്ല. |
| (സി) | പ്രസ്തുത മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് കരാർ പ്രകാരമുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ; | (സി) | “Hubspire“ എന്ന സ്ഥാപനം അവരുടെ Corporate Social Responsibility (CSR)ഫണ്ട് ഉപയോഗിച്ചാണ് ഈ Mobile App വികസിപ്പിച്ചത്. ആപ്പിന്റെ പ്രവർത്തനങ്ങളും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവും സെർവർ മുതലായവയുടെ ചെലവും വഹിക്കുവാൻ ആപ്പിന്റെ ഡെവലപ്പർ ആയ കമ്പനി തയ്യാറാകാത്തത് കാരണം 2019 ജൂലൈ മാസത്തിന് ശേഷം ആപ്പിന്റെ പ്രവർത്തനം നിലച്ചിരുന്നു. |
| (ഡി) | പ്രസ്തുത മൊബൈൽ ആപ്പ് പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനി തുക സർക്കാരിനെ തിരിച്ചേൽപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ആപ്പ് രൂപകല്പന ചെയ്തു നടപ്പാക്കിയത് "Hubspire” എന്ന സ്ഥാപനം സൗജന്യമായിട്ടാണ്. |

സെക്ഷൻ ഓഫീസർ